**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**14 SEPTEMBER 2018**
**(04 MUHARRAM 1440 AH)**

# "MUHARRAM & THE ISLAMIC CALENDAR".
# മുഹർറവും ഇസ്ലാമിക കലണ്ടറും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **മുഹർറവും ഇസ്ലാമിക കലണ്ടറും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

എന്റെ പ്രിയ അനുചരന്മാർക്കും, ലോകത്തിലെ മറ്റെല്ലാ മുസ്ലിം സമൂഹത്തിനും ഇസ്ലാമിക പുതുവർഷാശംസകൾ! അൽഹംദുലില്ലാഹ്! ഇസ്ലാമിക് പുതുവർഷം ആരംഭിക്കുകയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ, പുതുവർഷാശംസകൾ എല്ലാ മുസ്ലികൾക്കും ആശംസിക്കുകയാണ്. അല്ലാഹുവിലുള്ള ഉറച്ച വിശ്വാസത്തോടെ, നല്ല പ്രവർത്തനങ്ങൾ, തുടർന്നും ഈ വർഷത്തിൽ നമുക്ക് ചെയ്യുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. അവന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും കല്പനകളും ഏറ്റവും നല്ല നിലയിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഇസ്ലാമിക കലണ്ടറിലെ പ്രഥമ മാസമാകുന്നു മുഹർറം. ഈ മാസം പരിപാപനം മാത്രമല്ല. ഇതു നിറയെ അനുഗ്രഹങ്ങളുമാകുന്നു. ഇസ്ലാമിനു മുൻപുള്ള കാലം മുതൽ തന്നെ, അറബികൾ ഈ മാസത്തെ ആദരിച്ചിരുന്നു. യുദ്ധങ്ങൾ അവസാനിപ്പിച്ചിരുന്നു. പരസ്പരം ഉപദ്രവിക്കുന്നതിൽ നിന്നും അവർ മാറി നിന്നു. ഈ മാസം അല്ലാഹുവിനു വേണ്ടി അവർ ഉഴിഞ്ഞുവെച്ചിരിക്കുന്നു. എനിക്ക് നിങ്ങളോട് പറയുവാൻ കഴിയും. കോമറോസിലെ നമ്മുടെ ജമാഅത്ത്, മതപരമായ ധാരാളം പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. എന്നെയും എന്റെ കുടുംബത്തെയും അവർ അവിടേക്ക് ക്ഷണിക്കുകയുണ്ടായി. അവർ ദരിദ്രരാണെങ്കിൽ പോലും വിമാനതാവളത്തിൽ ഞങ്ങളെ സ്വീകരിക്കുന്നതിനായി, പല ഗ്രാമങ്ങളിലുമുള്ള സഹോദിസഹോദരന്മാരെ അവിടേക്ക് അവർ എത്തിക്കുന്നതിനു ശ്രമിക്കുക

യാണ്. എന്റെ വരവ് സംബന്ധമായി ഉറപ്പുവരുത്തുവാൻ അവർ പലപ്രാവശ്യം ഫോൺ ചെയ്യുകയുണ്ടായി. ഇൻശാ അല്ലാഹ്, എല്ലാ കോമോറിയൻസും, പുരുഷന്മാരും സ്ത്രീകളും, ഞങ്ങളുടെ വരവ് പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. വളരെ വിനയത്തോടെ ഞാൻ കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ചില അംഗങ്ങൾ ഇതു സംബന്ധമായി മൗറിഷ്യസിൽ വരികയുണ്ടായി. കോമറോസിൽ ഇപ്പോൾ വരാൻ കഴിയാത്തതിന്റെ ബുദ്ധിമുട്ടുകൾ അവരെ ധരിപ്പിക്കുകയുണ്ടായി, അത് അവിടെ വിശദീകരിക്കുവാനായി അവർ മടങ്ങിപോയിരിക്കുകയാണ്.

ഞാൻ തുറന്നുപറയുകയാണ്, ഈ ക്ഷണം എന്നെ വല്ലാതെ സ്വാധീനിച്ചിരിക്കുകയാണ്. സമുന്നതവ്യക്തികളുമായി സംസാരിക്കുവാൻ ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. തികച്ചും മതപരമായ സമ്മേളനമാണ്. ഹുഫ്ഫാസുൽ ഖുർആൻ സർട്ടിഫിക്കേറ്റ് വിതരണം, ജമഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ആഭിമുഖ്യത്തിലും, മറ്റു ജമാഅത്തുകളുടെ ക്ഷണവും ലഭിച്ചിട്ടുണ്ട്, അവരുടെ ഇസ്ലാമിക് പരീക്ഷപാസ്സായവർക്ക് സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്യുന്നതിനായി, മുഹർറം മാസത്തിലെ മുഖ്യപ്രഭാഷകനായും ക്ഷണം ലഭിച്ചിരിക്കുന്നു. വിശിഷ്യാ മുഹർറം 10ന്റെ പ്രാധാന്യത്തെക്കുറിച്ച്! പ്രധാനപ്പെട്ട ഒരു ദേശീയ സമ്മേളനമെന്ന നിലയിൽ, കോമറോസിലെ മൂന്ന് ദ്വീപുകളിൽ നിന്നും ക്ഷണം ലഭിച്ചിരിക്കുകയാണ്. അതായത് മൊറോഹി, മൊഹേലി, അൽജോൻ എന്നീ ദ്വീപുകളിൽ നിന്നുമാണ് ക്ഷണം എത്തിയിരിക്കുന്നത്. അൽഹംദുലില്ലാഹ് ഈ സമ്മേളനത്തെ അല്ലാഹു അനുഗ്രഹിക്കട്ടെ! ഇസ്ലാമിനു വേണ്ടി ഇവർക്കെല്ലാം ഒറ്റ സംഘമായി നില്ക്കുവാൻ കഴിയട്ടെ! എല്ലാ വിപ്ലവും, വിഭാഗീയതയും, അവസാനിക്കട്ടെ!ഇസ്ലാമിന്റെ പേരിൽ ഒന്നായി പ്രവർത്തിക്കുവാൻ കഴിയട്ടെ ഇൻശാ അല്ലാഹ് ആമീൻ.

ഇന്ന്, ദുആ എന്ന വിഷയത്തെകുറിച്ചുള്ള, കഴിഞ്ഞ ആഴ്ചയിലെ പ്രസംഗം തുടരേണ്ടതുണ്ട്. എന്നാൽ ഇസ്ലാമിക പുതുവർഷത്തെ സംബന്ധിച്ചും, ഈ മാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ചിലതു പറയേണ്ടതുണ്ട്! ഇൻശാ അല്ലാഹ്. ആയതിനാൽ ദുആ എന്ന വിഷയത്തിന്റെ തുടർച്ച മറ്റൊരു ദിവസത്തിലാകട്ടെ! ഇൻശാ അല്ലാഹ്!

## ആഷുഷറാഅ് ദിനം

മുഹർറമിനെ കുറിച്ച് സംസാരിക്കുമ്പോൾ, മുഹർറമാസത്തിലെ ആഷൂറാഅ് നെ കുറിച്ച് പറയേണ്ടി വരും. ഹസ്രത് ഇമാം ഹുസൈൻ(റ) ന്റെ

വഫാത്തിനെ സംബന്ധിച്ച് നാം ഓർക്കേണ്ടതായിട്ടുണ്ട്. ഈ മാസം അല്ലാഹുമായി ബന്ധിതമാണ്. മുഹർറമാസത്തിന് അത് അർഹിക്കുന്ന മൂല്യം നല്കേണ്ടതുണ്ട്. കാരണം പരിശുദ്ധ പ്രവാചകൻ(സ) മുഹർറ മാസത്തിലെ യൗമുആഷൂറാഅ് ന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് പറഞ്ഞുതരുകയുണ്ടായി. ഈ ദിവസത്തിൽ നാം ചെയ്യേണ്ട ഏറ്റവും ശ്രേഷ്ഠകരമായ ആരാധന വ്രതമനുഷ്ഠിക്കുക എന്നതാണ്, അല്ലെങ്കിൽ വളരെയധികം ദുആ ചെയ്യുക, ഇസ്തിഗ്ഫാർ ചെയ്യുക. ഖുർആൻ പാരായണം ചെയ്യുക പരിഭാഷയോടൊപ്പം, നഫ്ൽ നമസ്ക്കാരം നടത്തുക. ഈ ദിവസം വളരെ പ്രാധാന്യമർഹിക്കുന്ന അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

അബ്ദുല്ലാഹ് ഇബ്ന് അബ്ബാസ്(റ) റിപ്പോർട്ട് ചെയ്തു. ഹസ്രത് റസൂൽ(സ) പറഞ്ഞു. ആഷൂറാഅ് ദിനത്തിൽ നോമ്പുപിടിക്കുക. ജൂതന്മാരിൽ നിന്നും ഭിന്നമായി ആഷൂറാ ദിനത്തിന്റെ തലേന്നും പിറ്റേന്നും വ്രതമനുഷ്ഠിക്കുക. (മുസ്ഹദ് അഹ്മദ്)

ഇമാം മുസ്ലിം ക്രോഡീകരിച്ചു ഗ്രന്ഥത്തിൽ, ഹസ്രത് അബ്റുല്ല. ഇബ്ന് അബ്ബാസ്(റ) റിപ്പോർട്ട് ചെയ്തു. ആഷൂറാഅ് ദിനത്തിൽ പ്രവാചകൻ(സ) വ്രതമനുഷ്ഠിച്ചപ്പോൾ, അദ്ദേഹം തന്റെ സഹാബാക്കളോടും അപ്രകാരം വ്രതമനുഷ്ഠിക്കുവാൻ കല്പിക്കുകയുണ്ടായി. ഈ ദിനത്തിൽ ജൂതന്മാരും വ്രതമനുഷ്ഠിച്ചിരുന്നു. (ഹസ്ത് മൂസാ (അ) ഫറാവോയുടെ മേൽ വിജയം നേടിയതിനെ അനുസ്മരിക്കുന്നതിനായി അപ്പോൾ പരിശുദ്ധപ്രവാചകൻ(സ) പ്രതിവചിച്ചു. അടുത്തവർഷം ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ, അല്ലാഹു ഉദ്ദേശിച്ചാൽ, ഞാൻ മുഹർറം 9നും വ്രതമനുഷ്ഠിക്കുന്നതാണ് (അതായത് മുഹർറം 10നോടൊപ്പം)

ഈ ഉദ്ദേശ്യം സാക്ഷാത്കരിക്കുന്നതിന് മുൻപ് പരിശുദ്ധ പ്രവാചകൻ (സ) വഫാത്തായി, അടുത്ത ആഷുറാഅ്ന് മുൻപായി, എന്നാൽ സഹാബാക്കളും, താബി ഈങ്ങളും, ഔലിയിക്കന്മാരും ഈ ചര്യ പിന്തുടർന്നു. ഈ ഉപദേശം മനസ്സിൽ സൂക്ഷിക്കുകയും മുഹർറം 9ഉം 10ഉം വ്രതമനുഷ്ഠിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഒരാൾ മുഹർറം 9ന് വ്രതമനുഷ്ഠിക്കുവാൻ മറന്നുപോയെങ്കിൽ, അദേഹത്തിന് ഈ കാര്യത്തിൽ നല്ല ഉദ്ദേശം ഉണ്ടായിരുന്നെങ്കിൽ, കൂടുതൽ പ്രതിഫലം കിട്ടുന്ന ഒരു വ്രതാനുഷ്ഠാനമാണ് ഇതെന്ന് കരുതുകയും ചെയ്യുന്നുവെങ്കിൽ, അത്തരം സാഹചര്യത്തിൽ അദ്ദേഹത്തിന് മുഹർറം 10ന് വ്രതമനുഷ്ഠിക്കാവുന്നതാണ്, ഇനി

പ്രസ്തുത മുഹർറം 10 വെള്ളിയാഴ്ചയാണെങ്കിൽ, അപ്പോൾ അദ്ദേഹത്തിന് വെള്ളിയാഴ്ചമാത്രമായി വ്രതാനുഷ്ഠാനം പാടില്ല, ഇതിനെ മറ്റൊരുദിവസവുമായി ചേർത്തുനിർത്തിയാലല്ലാതെ! അപ്പോൾ അതിനെ വ്യാഴാഴ്ചയോടൊ, അല്ലെങ്കിൽ ശനിയാഴ്ചയോടോ ചേർക്കേണ്ടതാണ്. കാരണം ഇസ്ലാമിൽ വെള്ളിയാഴ്ച ഒരു പെരുനാൾ ദിവസമാകുന്നു. അതുകൊണ്ട് പ്രസ്തുതദിനം മാത്രമായി വ്രതാനുഷ്ഠാനം പാടില്ല, അന്ന് നിരോധനമുണ്ട്. ഇനി ആഷുറാഅ് വെള്ളിയാഴ്ചയാണെങ്കിൽ അവൻ വ്യാഴാഴ്ചയോ, അല്ലെങ്കിൽ ശനിയാഴ്ചയോ, വെള്ളിയാഴ്ചയോടോപ്പം ചേർന്ന് വ്രതാനുഷ്ഠാനം നടത്തേണ്ടതാണ്, അപ്രകാരം ചെയ്യുന്നത് ഇസ്ലാമിൽ ആക്ഷേപാർഹമായകാര്യമല്ല. അതോടൊപ്പം ആഷുറാഅ് നോമ്പ് ഇസ്ലാമിൽ നിർബന്ധമായ വ്രതാനുഷ്ഠാനമല്ല. റമദാൻ മാസത്തിൽ വ്രതാനുഷ്ഠാനം നിർബന്ധമാകുന്നതിന് മുൻപ് നിർബന്ധമായിരുന്നു.എന്നിരുന്നാലും ആഷുറാഅ് നോമ്പ് വളരെയധികം പ്രതിഫലദായകം തന്നെയാകുന്നു. പരമാവധി പ്രയോജനം കരസ്ഥമാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അത് നിർവ്വഹിച്ച് അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കാവുന്നതാകുന്നു. കാരണം വ്രതാനുഷ്ഠാനം അല്ലാഹുവിനുള്ളതാകുന്നു. അവൻ തന്നെയാണ് അതിനുള്ള പ്രതിഫലം നല്കുന്നതും (ബുഖാരി, മുസ്ലിം)

ഹസ്രത് അലി(റ) പറഞ്ഞു. ആഷുറാ് ദിനത്തിൽ ഒരുവൻ തന്റെ നഖം മുറിക്കുകയും, എന്നിട്ട് കുളിക്കുകയും, സുർമ എഴുതുകയും, അത്തർപൂശുകയും, വ്രതമനുഷ്ഠിക്കയും, ഫർസ് നമസ്ക്കാരങ്ങൾക്ക് ശേഷം, നഫ്ൽ നമസ്കരിക്കുകയും, സദഖ ചെയ്യുകയും, ഖുർആൻ പാരായണം ചെയ്യുകയും ചെയ്യുക.

എന്റെ പ്രസംഗത്തിന്റെ പ്രാരംഭത്തിൽ പറഞ്ഞതുപോലെ, ഒരാൾക്ക്, തൗബയിലും, ഇസ്തിഗ്ഫാറിലും മുഴുകാവുന്നതാണ്. കാരണം ഈദിനത്തെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഈ ദിനത്തിലാണ് അല്ലാഹു (ത) ഹസ്രത് ആദം(അ) ന്റെ തൗബ സ്വീകരിച്ചത്. അതുകൊണ്ട് ആഷുറാ അ് ദിനത്തിൽ, സുബ്ഹാനല്ലാന്, വൽഹംദു ലില്ലാഹ്, വലാ ഇലാഹ, ഇല്ലല്ലാഹു, അല്ലാഹു അക്ബർ, വലാ ഹൗല, വലാ ഖുവ്വത്ത, ഇല്ലാബില്ലാഹിൽ അലിയ്യിൽ അളിം! എന്ന പ്രസ്തുത പ്രാർത്ഥന അധികരിപ്പിക്കാവുന്നതാണ്. എന്നിട്ട് നഫ്ൽ നമസ്കാരങ്ങൾ നടത്തി, അല്ലാഹുവുമായി കൂടുതൽ അടുക്കുന്നതിന് ശ്രമിക്കുക. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കൂടുതലായി ആസ്വദിക്കുക.

**ഇസ്ലാമിക് കലണ്ടർ:-** ഇസ്ലാമിക് കലണ്ടർ സംബന്ധമായി ചില വിശദീകരണങ്ങൾ നല്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇസ്ലാമിക് കലണ്ടറിന് ഒരു കഥയുണ്ട്, ഒരു ഉല്പത്തിയുണ്ട്, അതു സംബന്ധമായി നാം അറിഞ്ഞിരിക്കണം.

എല്ലാ ജനതയും വർഷങ്ങൾ കണക്കുകൂട്ടുവാൻ ഒരു നിശ്ചിത സംഭവത്തിൽ നിന്നും തുടങ്ങുന്ന കലണ്ടർ സൂക്ഷിക്കുന്നു. മുഴുലോകവും അറിയുന്ന വളരെ പ്രധാനപ്പെട്ട ഒരു സംഭവം ഉണ്ടാകുമ്പോൾ, അതിനെ ഒരു ചരിത്രത്തിന്റെ ആരംഭമായി കണക്കാക്കുകയും അങ്ങനെ അതിനെ തുടർന്ന് ഒരു കലണ്ടർ ആരംഭിക്കുകയും ചെയ്യുന്നു. ഭൂമിയിൽ ഹസ്രത് ആദം (അ)ന്റെ ഭൂമിയിലെ വരവിനോടെ അനുബന്ധിച്ചുള്ള ഒരു കലണ്ടർ ആരംഭിക്കുന്നതായിരുന്നു ഏറ്റവും നല്ല വഴി! അല്ലെങ്കിൽ ഹസ്രത് നുഹ്(അ) ന്റെ മഹാപ്രളയകാലഘട്ടം മുതൽ ആരംഭിക്കുന്ന ഒരു കല്ണ്ടർ അഭികാമ്യമായിരുന്നു. കാരണം ഇതൊക്കെ ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട സംഭവങ്ങളായിരുന്നു. ദൗർഭാഗ്യവശാൽ ഈ സംഭവങ്ങൾ ഉണ്ടായതെന്നാണ് എന്ന് നമുക്ക് വ്യക്തമായ യാതൊരു വിവരവുമില്ല. ആയതിനാൽ ലോകത്ത് ഓരോ ജനവിഭാഗവും, തങ്ങൾ സാക്ഷ്യം വഹിച്ച മഹത്തായ സംഭവത്തെ അടിസ്ഥാനമാക്കി കലണ്ടർകൾക്ക് രൂപം നല്കി.

ഹസ്രത് ഇബ്റാഹീം(അ) നെ അഗ്നിയിലേക്ക് എറിയപ്പെട്ടതുമായി ബന്ധപ്പെട്ട, അദ്ദേഹത്തന്റെ അനുയായികൾ പ്രസ്തുത ദിനം മുതൽ കണക്കാക്കി കലണ്ടർ ഉണ്ടാക്കി എന്ന് പറയപ്പെട്ടിരിക്കുന്നു. അറബികളെ സംബന്ധിച്ചിടത്തോളം ആനവർഷം (ആനക്കലഹ വർഷം) കണക്കാക്കി കലണ്ടർ ഉണ്ടാക്കിയിരിക്കുന്നു അതുമായി ബന്ധപ്പെട്ട കഥ ഇപ്രകാരമാണ്.

അബിസീനക്കാരനായ അബ്റഹ എന്ന ആൾ യമനിൽ, സനാ എന്ന സ്ഥലത്ത് ഒരു ഭദ്രാസനപ്പള്ളി നിർമ്മിച്ചു. മക്കയേക്കാൾ വലിയ ആരാധന കേന്ദ്രമാക്കി മാറ്റുവാൻ അദ്ദേഹം ഉദ്ദേശിച്ചു. അറബികൾ, ഇതറിഞ്ഞപ്പോൾ, അവർ കോപാകുലരായി, അവരിൽ ഒരാൾ അവിടെ ചെന്ന് പ്രസ്തുത ഭദ്രാസനപള്ളിക്ക് തീയിട്ടു.! അബ്റഹ ഈ വിവരം അറിഞ്ഞപ്പോൾ, മക്കാപള്ളിയെ തകർക്കുവാൻ പദ്ധതി ഇട്ടു. ഒരു വലിയ സൈന്യവുമായി പുറപ്പെടുവാൻ തീരുമാനിച്ചു. പ്രസ്തുത സൈന്യത്തിലെ മുൻപന്തിയിൽ ഒരു ആനയമുണ്ടായിരുന്നു. അബ്റഹാ തന്റെ സൈന്യവുമായി മക്കയിലേത്ത് പുറപ്പെട്ടപ്പോൾ, ആകാശം കറുത്തിരുണ്ടു, ഇടിവെട്ടുവാൻ

തുടങ്ങി, കൊള്ളിയാനും വീശി. ഒരുവൻ പക്ഷികൂട്ടം അവിടെ വരുകയും, ചുട്ടുപഴുത്ത കല്ലുകൾ പ്രസ്തുത പക്ഷികൾ, അബ്റഹത്തിന്റെ സൈന്യത്തിനു മേൽ ഇടുകയും ചെയ്തു. പ്രസ്തുത കല്ലുകൾ കട്ടിയുള്ളതും മൂർച്ചയുള്ളതുമായിരുന്നു. അവരെ കൊല്ലുവാനും, മുറിവേല്പിക്കുവാനും പര്യാപ്തമായിരുന്നു.

പരിശുദ്ധ കഅ്ബയെ, അവന്റെ പരിപാപനമായ ഭവനത്തെ, അല്ലാഹു (ത) ഈ രീതിയിലാണ് സംരക്ഷിച്ചത്. ഈ വാർത്ത നാടെങ്ങും പരന്നു. അറബികൾ ഈ സംഭവത്തെ അവരുടെ ചരിത്രത്തിന്റെ ഒരു ചരിത്ര സംഭവമാക്കി മാറ്റുകയുണ്ടായി. അവരുടെ എഴുത്തുകുത്തുകളും അവരുടെ പ്രവർത്തനങ്ങളും (അവരുടെ രേഖകൾ) ഈ വർഷം മുതൽ (ആന വർഷം മുതൽ) കണക്കുകൂട്ടുവാൻ തുടങ്ങി. പരിശുദ്ധപ്രവാചകൻ(സ) യുടെ കാലത്തു പോലും, അവർ ഈ കലണ്ടറാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ പരിശുദ്ധപ്രവാചകൻ(സ) അദ്ദേഹത്തിന്റെ ചില എഴുത്തുകളിൽ അഥവാ രേഖകളിൽ അദ്ദേഹത്തിന്റെ മക്കയിൽ നിന്ന് മദീനയിലേക്കുള്ള പലായനം അടിസ്ഥാനമാക്കി തീയതികൾ, രേഖപ്പെടുത്തിയിരുന്നു.

ഇസ്ലാമിക് കലണ്ടർ ഹസ്രത് ഉമർ(റ)ന്റെ കാലം മുതലാണ് ഔദ്യോഗികമായി നിലവിൽ വന്നത് ഇസ്ലാമിക് കലണ്ടറിന്റെ ആരംഭം ഹിജ്റ ആയി കണക്കാക്കുവാൻ ഉമർ(റ) തീരുമാനിക്കുകയായിരുന്നു. താഴെ പറയുന്ന സാഹചര്യങ്ങളിലാണ് പ്രസ്തുത തീരുമാനം എടുക്കപ്പെട്ടത്.

അബൂമൂസാ അൽഅഷ്അരി(റ) ബസ്റയിലെ ഗവർണ്ണറായിരിക്കുമ്പോൾ, ഹസ്രത് ഉമർ(റ) ന് എഴുതുകയുണ്ടായി. ശരിയായ തീയതികൾ ഇല്ലാതെ അമീറുൽ മുഅ്മിനീൻ എഴുതിയ കത്തുകളിൽ, ഏതാണ് ഞങ്ങൾ അനുസരിക്കേണ്ടത്, എന്നതു സംബന്ധമായി സംശയമായി തീയതി വെയ്ക്കാത്തതിനാൽ ഏതുകത്താണ് പരിഗണിക്കേണ്ടതെന്നും കാലഹരണപ്പെട്ടതെന്നും മനസ്സിലാക്കാനായി, അമീറുൽ മുഅ്മിനീന്റെ കത്തുകളിൽ തീയതികൾ വെയ്ക്കുവാൻ അഭ്യർത്ഥിക്കുകയുണ്ടായി. ഈ കത്തു വായിച്ചതിനെ തുടർന്ന് ഖലീഫ ഉമർ(റ)ന് മനസ്സിലായി. ഒരു കലണ്ടറിന്റെ ആവശ്യകത! ഉടൻ തന്നെ പണ്ഡിതന്മാരുടെ ഒരു സംഘത്തിന്റെ അഭിപ്രായങ്ങൾ ഈ കാര്യത്തിൽ ആരായാൻ തീരുമാനിച്ചു. മുസ്ലിം ഉപദേശകരെയും കൂടി ഈ വിഷയത്തിൽ ഉൾപ്പെടുത്തി അവരുടെയും അഭിപ്രായങ്ങൾ ആരായുകയുണ്ടായി

ഇസ്ലാമിക് സ്റ്റേറ്റിൽ, ഹസ്രത് ഉമർ(റ) നടപ്പിലാക്കിയ എല്ലാതീരുമാന

ങ്ങളും ഷൂറാ: എന്ന പേരിൽ അറിയപ്പെടുന്ന കൂടിആലോചനാ സമിതിയിലൂടെയാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. അദ്ദേഹം തന്റെ അന്തിമ തീരുമാനം എടുക്കുന്നതിന് മുൻപ് ഷൂറാ: യുടെ അഭിപ്രായം ആരാഞ്ഞിരുന്നു. അദ്ദേഹം പറയുമായിരുന്നു. ഒരാളിന്റെ അഭിപ്രായം ഒരു നൂൽപോലെയാണ് (അതുപൊട്ടിക്കാൻ എളുപ്പമാണ്) രണ്ട് അഭിപ്രായങ്ങൾ, രണ്ട് പേരുടെ അഭിപ്രായങ്ങൾ) രണ്ടു നൂലുകൾ കെട്ടിട്ടു ബലപ്പെടുത്തിയതുപോലെയാണ്. അനേകരുടെ അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ അത് ശക്തമായ ഒരു കയർ പോലെയാണ്.

ഇത് പറഞ്ഞതിലൂടെ ഹസ്രത് ഉമർ(റ) അർത്ഥമാക്കിയത്, സത്യസന്ധരായ ആളുകളുടെ അഭിപ്രായങ്ങളെയാണ്. അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച്, തഖ്‌വയിലധിഷ്ഠിതമായി, വിധിക്കുന്നവരുടെ കാര്യമാണത്. ഇക്കാലത്തെ മുല്ലാക്കളുടെ കാര്യമല്ല, അവർ തഖ്‌വയിൽ നിന്നും ബഹുദൂരം അകത്തുപോയവരാണ്. ഉദാഹരണമായി പറഞ്ഞാൽ, അഹ്മദീമുസ്ലിംകളുടെ കാര്യത്തിൽ, മുല്ലാമാർ എത്തിച്ചേർന്നത് അവർ അവിശ്വാസികൾ ആണെന്നാണ്! ഇത് ചെയ്യാൻ പാടില്ലാത്തതാണ്. ഇത് അനിസ്ലാമികമാണ്, ജനങ്ങളുടെ വിശ്വാസം അളക്കുവാനുള്ള അധികാരം അല്ലാഹുവിന് മാത്രമുള്ളതാകുന്നു. അത് ജനങ്ങൾക്കുള്ള അധികാരമല്ല. ഒരാൾ ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി അല്ലെങ്കിൽ ലാഇലാഹ ഇല്ലലാഹ് എന്നു മാത്രം പറഞ്ഞെന്നിരിക്കട്ടെ, അവന്റെ വിശ്വാസത്തിന്റെ മേൽ വിധിപറയുവാൻ അല്ലാഹു മാത്രമാണ് അവകാശി! അല്ലെങ്കിൽ അല്ലാഹു(ത) വഹ്‌യിലൂടെ, ഇന്ന ഇന്ന ആളുകൾ മുസ്ലിംകൾ അല്ല എന്നു പറയണം, അല്ലെങ്കിൽ ഇന്ന ഇന്ന ആളുകൾ നിഷേധികളാണ്, മുനാഫിക്കിങ്ങളാണ് എന്നു പറയണം. ഇത്തരം സാഹചര്യങ്ങൾ തികച്ചും ഭിന്നമായതാണ്. കാരണം അല്ലാഹു(ത) എന്തെങ്കിലും പറയുന്നത് അത് വെളിപാടിലൂടെയാകുന്നു.)

ആയതിനാൽ, എല്ലാവരുടെയും അഭിപ്രായം ആരാഞ്ഞതിനു ശേഷം ഈ അഭിപപ്രായങ്ങളെകുറിച്ച് വളരെയധികം ചിന്തിച്ചശേഷം, ഹസ്രത് ഉമർ (റ) ഇസ്ലാമിക് കലണ്ടർ, ഹിജ്റ, കണക്കാക്കി ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതിനെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ ദൂതൻ മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്തതു മുതൽ നാം വർഷം എണ്ണാൻ തുടങ്ങുന്നു. കാരണം അതുമുതലാണ്, അസത്യം അപ്രത്യക്ഷമാകുന്നത്. ഇതിനേക്കാൾ പ്രാധാന്യം

അർഹിക്കുന്ന മറ്റൊരു സംഭവവും ലോകത്തുണ്ടായിട്ടില്ല. തീർച്ചയായും ഹിജ്റ, ഈ സന്ദേശത്തിന്റെ ഒരു വഴിത്തിരിവായി പരിശുദ്ധപ്രവാചകനിലൂടെ ഇസ്ലാമിലെ സമാധാന വിപ്ലവത്തിന്റെ തുടക്കം! തികച്ചും ഒരു നായകനു പിന്നിൽ ഒരു സമുദായം പിറവികൊള്ളുന്നു. മക്കയിൽ നടന്നപോരാട്ടം സഹനതയുടെതായിരുന്നു. എന്നാൽ മദീനയിലെ പോരാട്ടം, പ്രതിരോധത്തിന്റേതായിരുന്നു. മതപരമായ ഒരു സമൂഹമായി അതിനെ രൂപാന്തരപ്പെടുത്തി. അങ്ങനെ ഹിജ്റ ഇസ്ലാമിക ചരിത്രത്തിലെ ഒരു നാഴികകല്ലായി മാറി.

ഇസ്ലാമിക് കലണ്ടറിലെ മാസങ്ങളുടെ എണ്ണം, 12 ആകുന്നു. എണ്ണം അല്ലാഹു(ത) തന്നെയാണ് നിശ്ചയിച്ചത് അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. അല്ലാഹുവിന്റെ നിയമമനുസരിച്ച് മാസങ്ങളുടെ എണ്ണം 12 ആകുന്നു. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചനാൾ മുതൽ അല്ലാഹുവിന്റെ നിയമമാണിത്. അവയിൽ നാലെണ്ണം ആദരണീയങ്ങളാണ്. (9:36)

**ഈ നാല് മാസങ്ങൾ ദുൽഹിജ്ജ്, ദുൽഖഅ്ദ്, മുഹർറം, റജബ് ആകുന്നു.**

## ഇസ്ലാമിക് കലണ്ടറിലെ മാസങ്ങളുടെ പേരുകൾ

മുഹർറം, സഫർ, റബീഉൽ അവ്വൽ, റബീഉൽ ആഖിർ, ജമാദുൽ അവ്വൽ, ജമാദുൽ ആഖീർ, റജബ, ശഅ്ബാൻ, റമദാൻ, ശവ്വാൽ, ദുൽഖഅ്ദ്, ദുൽഹജ്ജ് എന്നിവയാകുന്നു.

ഇസ്ലാമിന് മുൻപുണ്ടായിരുന്ന മാസങ്ങളുടെ പേരുകൾ മാറ്റപ്പെടുകയുണ്ടായി. ഉദാഹരണം അവരുടെ ആദ്യത്തെ മാസത്തിന്റെ പേര് മുർത്തമർ എന്നും രണ്ടാമത്തെ മാസം ഹർദ്ജിലാ എന്നുമായിരുന്നു.

നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, ഇതിലെ ഓരോ മാസവും കഴിഞ്ഞകാല സംഭവങ്ങളെയോ അല്ലെങ്കിൽ സാഹചര്യങ്ങളെയോ വെളിപ്പെടുത്തുന്നവയാണ്. ചില ഉദാഹരണങ്ങൾ നോക്കൂ

1. മുഹർറം: എന്നതിന്റെ അർത്ഥം പരിപാപനമായത് എന്നാകുന്നു. അങ്ങനെ പറയാൻ കാരണം പ്രസ്തുത മാസത്തിൽ യുദ്ധവും പോരാട്ടവും നിഷിദ്ധമാക്കിയിരിക്കുന്നു.
2. റബിഉ എന്ന വാക്കിന്റെ അർത്ഥം വസന്തം എന്നാകുന്നു. പ്രയാസകരമായ മാസങ്ങൾ അവസാനിപ്പിച്ചുകൊണ്ടാണ് ഇത് സമാഗതമാകുന്നത്.
3. റമദാൻ എന്നാൽ ചൂട് എന്നാകുന്നു അർത്ഥം. സാധാരണയായി ഇത് ഉഷ്ണകാലത്താണ് സംഭവിക്കുന്നത്.

4. ദുൽഹിജ്ജ് : തീർത്ഥാടനം എന്നാണ് അർത്ഥംഅങ്ങനെ പറയാൻ കാരണം ഇത് തീർത്ഥാടനത്തിന്റെ മാസമാകുന്നു.

ഇസ്ലാമിക് കലണ്ടറിനെ സംബന്ധിച്ച് പറയാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം ഇത് ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയുള്ള കലണ്ടറാകുന്നു. സൂര്യനെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല. സർവ്വശക്തനായ അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു.

പിറവി ചന്ദ്രന്മാരെപറ്റി അവർ നിന്നോടു ചോദിക്കുന്നു. പറയുക, അവ മനുഷ്യർക്ക് (പൊതുവെയുള്ള കാര്യങ്ങൾക്കും) ഹജ്ജ്നുമുള്ള കാല സൂചകങ്ങളാണ് (2:190)

വീണ്ടും അല്ലാഹു(ത) പറയുന്നു അവനത്രെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിപ്പിക്കുന്നതുമാക്കുകയും, വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിനു വേണ്ടി അതിന് (ചന്ദ്രന്) രാശിമണ്ഡലങ്ങൾ നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളവൻ. ന്യായമായ ആവശ്യാർത്ഥമല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു. 10:6

മുഹർറ മാസം ഇസ്ലാമിക് കലണ്ടറിലെ പ്രഥമ മാസമാകുന്നു. സർവ്വശക്തനായ അല്ലാഹു അവന്റെ ദയാവായ്പ് പ്രകടിപ്പിക്കുകയും, അളവറ്റ അവന്റെ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യുന്നു. നാം ഒരു പുതു വർഷത്തിൽ പ്രവേശിച്ചിരിക്കുകയാണ്. എന്നാൽ കാലങ്ങൾക്ക് ഇസ്ലാമിൽ പ്രത്യേക സ്ഥാനമൊന്നുമില്ല. അതുകൊണ്ടു തന്നെ നാം പുതുവർഷം ആഘോഷിക്കേണ്ടതൊന്നുമില്ല. (അതായത് പുതുവർഷത്തെ ഒരു ആഘോഷമായി നാം പരിഗണിക്കേണ്ടതില്ല) ഇസ്ലാമിൽ രണ്ടേ രണ്ട് ആഘോഷങ്ങൾ മാത്രമെയുള്ളു ഈദുൽഫിത്റും, ഈദുൽഅദ്ഹയും!

മറ്റു ജനങ്ങൾ അവരുടെ പുതുവർഷം ആഘോഷിക്കാറുണ്ട്. പുതുവർഷത്തിൽ ഒരു മുസ്ലിം എന്ന നിലയിൽ നാം എന്താണ് ചെയ്യേണ്ടത്? (അതായത് ഇസ്ലാമിക നിലയിലായാലും, അന്താരാഷ്ട്രനിലയിലായാലും) അവൻ അല്ലാഹുവിനോട് നന്ദി രേഖപ്പെടുത്തുക. തന്റെ തന്നെ നിലനില്പിന് ആധാരമായവനെകുറിച്ച് ചിന്തിക്കുക ഇത് അല്ലാഹു(ത) അവന് നല്കിയ ഒരു വലിയ സൗഭാഗ്യ അവസരമാണ്. തന്റെഭാവിയെകുറിച്ചും ചിന്തിക്കുക. വ്യാപാരികളും വ്യവസായികളും തങ്ങളുടെ കച്ചവടങ്ങളെ പറ്റി അവലോകനം നടത്തുന്നു. കമ്പനിയുടെയും വ്യവസായസ്ഥാപനങ്ങളുടെയും പുരോഗതിക്കാവശ്യമായ വിശകലനം നടത്തപ്പെടുന്നു. വിദ്യ

ഭ്യാസസ്ഥാപനങ്ങളും തങ്ങളുടെ കുട്ടികളിൽ ആരോക്കെ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യരായി എന്നും രക്ഷിതാക്കളും തികഞ്ഞ ജാഗ്രതയോടെ കാര്യങ്ങൾ വിലയിരുത്തുന്നു. ഇതുപോലെ ഒരു വിശ്വാസിയും തന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം നടത്തേണ്ടതാണ്, എന്നിട്ട് ഭാവിയിൽ ചെയ്യേണ്ടതെന്താണ് എന്ന് ചിന്തിക്കേണ്ടതുമാണ്.

നാം ചിന്തിക്കേണ്ട ഒരു കാര്യം ദിവസവും നമ്മിൽ നിന്നും കടന്നുപോകുന്ന ഓരോ മിനിട്ടും നമ്മെ മരണത്തോട് അടുപ്പിക്കുകയാണ്. നമ്മുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെകുറിച്ച് ചിന്തിക്കുവാൻ, നമ്മെ പ്രാപ്തമാക്കുവാനായി നമുക്ക് അല്ലാഹു(ത) യോട് പ്രാർത്ഥിക്കാം. കഴിഞ്ഞു പോയതെറ്റുകളിൽ നിന്ന് നമുക്ക് പാഠം പഠിക്കാം എന്നിട്ട് നമുക്ക് ഇന്നു ശരിയായതു ചെയ്യാം നാളെയും!

നിങ്ങളോട് ഞാനൊരു സത്യം പറയുകയാണ്. വിശുദ്ധഖുർ ആനിൽ 700 കല്പനകളുണ്ട്. ആരെങ്കിലും പ്രസ്തുത കല്പനകൾ നടപ്പിലാക്കുവാൻ ശ്രമിക്കുകയാണെങ്കിൽ, തീർച്ചയായും അവനായി സമ്പൂർണ്ണവും സത്യവുമായ പാത തുറക്കപ്പെടുന്നതാണ്. ഈ സമ്പൂർണ്ണ പാത വിശുദ്ധഖുർആനിലൂടെ അവനായി സൃഷ്ടിച്ച് തുറക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് അവൻ വിശുദ്ധഖുർആൻ നല്ല നിലയിൽ പഠിക്കട്ടെ! അവൻ അതിനനുസരിച്ചുള്ള ഒരു ജീവിതം നയിക്കട്ടെ! പരിശുദ്ധപ്രവചാകൻ മുഹമ്മദ്(സ) വിശുദ്ധഖുർആൻ അനുസരിച്ച് ജീവിച്ചതുപോലെ! നിങ്ങളും ഖുർആനുമായി അറ്റുപോകാത്ത ഒരു സ്നേഹബന്ധം സ്ഥാപിക്കുക. അതിൽ ഭരമേല്പിക്കുക, അതിനെ സ്നേഹിക്കുക, അതിലാണ് നിങ്ങളുടെ മോക്ഷം കുടികൊള്ളുന്നത്. ഇൻശാ അല്ലാഹ്! ആമീൻ.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**